832/15 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. ചികിത്സയിൽ കഴിയുന്ന ആര്യയ്ക്ക് സംസാരിക്കാൻ കഴിയാത്ത അവസ്ഥയായതിനാൽ ഇതുവരെ മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സംസാരിക്കാൻ കഴിയുന്ന സമയത്ത് മൊഴി രേഖപ്പെടുത്തുന്നതാണ്. ഇതുവരെ നടത്തിയ അന്വേഷണങ്ങളിൽ അധോലോക സംഘങ്ങളാരുംതന്നെ ഉൾപ്പെട്ടിട്ടില്ല. പോലീസ് ഇതുവരെ സോഷ്യൽ മീഡിയയിൽ പെൺകുട്ടികളുടെ ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ പെൺകുട്ടികളുടെ മാതാപിതാക്കളുടെ സമ്മതപത്രം വാങ്ങി, പോലീസിന്റെ ഒഫിഷ്യൽ കമ്മ്യൂണിക്കേഷൻ ചാനലിലൂടെ മാത്രമാണ് ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ കുട്ടികൾ വീട് വിട്ടിറങ്ങിയതുമുതൽ സഞ്ചരിച്ച റൂട്ടിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടുള്ളതാണ്. മൂന്ന് പെൺകുട്ടികളുടെയും സ്കൂൾ ബാഗുകൾ 13-7-2015-ന് ഉച്ചയ്ക്ക് 2.55-ഓടെ നാഗർകോവിൽ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്ന ഐലന്റ് എക്സ്പ്രസ്സിൽ കണ്ടെത്തിയിട്ടുണ്ട്. ഒറ്റപ്പാലം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഒറ്റപ്പാലം സബ് ഇൻസ്പെക്ടർ നടത്തിവരുന്നു. കോന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മിസ്സിംഗ് കേസിന്റെ അന്വേഷണ മേൽനോട്ടം വഹിക്കുന്നതിന് തിരുവനന്തപുരം ഐ. ജി. ശ്രീ. മനോജ് എബ്രഹാമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് വളരെ ഗൗരവമുള്ള ഒരു കേസ്സാണ്. അതുകൊണ്ടാണ് ഗൗരവമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ ഐ. ജി. ശ്രീ. മനോജ് എബ്രഹാം അവിടെ സന്ദർശിച്ചിരുന്നു. സൗത്ത് സോണിന്റെ ചാർജ്ജ് വഹിക്കുന്ന എ.ഡി.ജി.പി. ഡോ. സന്ധ്യയോട് ഇന്ന് കുട്ടികളുടെ വീട് സന്ദർശിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു വനിതാ പോലീസ് ഓഫീസർ എന്നുള്ള നിലയിൽ അവരുടെ അമ്മയോടും ബന്ധുക്കളോടും സംസാരിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുമോ എന്നുള്ളത് ആരായാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ വളരെ ഗൗരവത്തോടെയാണ് ഇക്കാര്യത്തെ കാണുന്നത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ യഥാർത്ഥ വസ്തുതകൾ കണ്ടെത്താനുള്ള എല്ലാ ശ്രമവും പോലീസിന്റെ ഭാഗത്തു നിന്നുമുണ്ടാകും.

4. അമിത യാത്രാക്കൂലി

10.57 AM]

<u>ശ്രീ. പാലോട് രവി</u>: സർ, ഒന്നും രണ്ടും വർഷം കൂടുമ്പോഴാണ് ലക്ഷോപലക്ഷം പ്രവാസികൾ സീസൺ സമയത്ത് സ്വന്തം നാട്ടിലേയ്ക്ക് മടങ്ങിവരുന്നത്. ബക്രീദ്,

LIBRARY ARCHIVES Kerala Legislative Assembly

റംസാൻ, ഓണം, ക്രിസ്തുമസ്, അദ്ധ്യയനവർഷാരംഭം ഉൾപ്പെടെയുള്ള സീസണുകളിൽ എയർ ഇന്ത്യയുടെ നേതൃത്വത്തിൽ വൻകിട വിമാനക്കമ്പനികൾ കച്ചവട താൽപ്പര്യം മുൻനിർത്തി അമിത യാത്രാക്കൂലി ഈടാക്കി കൊള്ളയടിക്കുന്ന കിരാതമായ നടപടിയാണ് കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് മലയാളികളാണ്. ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിയമസഭയിൽ പലപ്പോഴും ആവശ്യപ്പെട്ടതാണ്. സംസ്ഥാന ഗവൺമെന്റ് പല പ്രാവശ്യം ഇത് എയർ ഇന്ത്യയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൊള്ളയടിക്കൽ തുടർന്നുകൊണ്ടിരിക്കുകയാണ്. ലേബർ ക്യാമ്പുകളിൽ രണ്ട് വർഷം തുടർച്ചയായി അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം മുഴുവനും മലയാളികൾ സ്വന്തം നാട്ടിലേയ്ക്ക് വരുമ്പോൾ ഈ വിമാനക്കമ്പനികൾക്ക് കൊടുക്കുകയാണ്. 15,000 രൂപയ്ക്ക് വന്നുകൊണ്ടിരുന്ന സ്ഥാനത്ത്, ഇന്നലത്തെ റേറ്റ് 55,000 രൂപയാണ്. ലേബർ ക്യാമ്പുകളിൽ കഴിഞ്ഞശേഷം വരുന്ന പാവപ്പെട്ട ആളുകളിൽ നിന്ന് 55,000 രൂപമുതൽ 75,000 രൂപ വരെയാണ് എയർ ഇന്ത്യയുടെ നേതൃത്വത്തിൽ കൊള്ളയടിക്കുന്നത്. ഈ പ്രശ്നത്തിൽ മുഖ്യമന്ത്രി അടിയന്തരമായി ഡൽഹിക്ക് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു നിവേദകസംഘം തന്നെ പോകണം. ഇത് കേരളത്തിന്റെ ആവശ്യമാണ്. ലക്ഷോപലക്ഷം മലയാളികൾ വിളിക്കുകയും കത്തുകൾ അയച്ചുകൊണ്ടിരിക്കുകയുമാണ്. പലരും വിമാനത്താവളങ്ങളിൽ വന്നിട്ട് മടങ്ങി പോയിക്കൊണ്ടിരിക്കുന്നു. നമ്മൾ എയർ കേരള പദ്ധതിയെക്കുറിച്ച് പറഞ്ഞു. ആ പദ്ധതി ഇതുവരെ നടപ്പായിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി കണ്ടുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അങ്ങ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം)

10.58 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പാലോട് രവി ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. യാതൊരു മര്യാദയുമില്ലാത്ത സമീപനമാണ് എയർ ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ എയർ ലൈനുകളും ചെയ്യുന്നത്. ഇതിനുവേണ്ടി പല ശ്രമങ്ങളും നടത്തി. എല്ലാം പരാജയപ്പെട്ടപ്പോഴാണ് എയർ കേരള എന്ന ആശയം വന്നത്. അതിനുള്ള എല്ലാ ഒരുക്കങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചുകഴിഞ്ഞു. പക്ഷേ എയർ ഇന്ത്യയുടെ സ്വാധീനമായിരിക്കാം, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഇതിനോട് അനുകൂലിക്കുന്നില്ല. നമുക്ക് കടന്നു ചെല്ലാൻ കഴിയാത്ത വിധത്തിലുള്ള കണ്ടീഷനുകളാണ് വച്ചിരിക്കുന്നത്. ഒന്നാമത് അന്തർദ്ദേശീയ റൂട്ടിൽ സർവ്വീസ് നടത്താൻ Domestic Service-ന് അഞ്ച് വർഷത്തെ പാരമ്പര്യം വേണമെന്നും രണ്ടാമത് ഇരുപത് എയർക്രാഫ്റ്റ് വേണമെന്നുമാണ്. ഈ രണ്ട് വ്യവസ്ഥകളും നമുക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. കാരണം, അഞ്ച് വർഷത്തെ Domestic Service എന്നുപറഞ്ഞാൽ 150 കോടി രൂപയുടെയെങ്കിലും നഷ്ടം അതിലൂടെയുണ്ടാകും. അത് നമുക്ക് സഹിക്കാൻ കഴിയില്ല. അതുപോലെ തുടക്കത്തിൽ 20 എയർക്രാഫ്റ്റുകൾ ഉണ്ടാക്കാനും കഴിയില്ല. 5 എയർക്രാഫ്റ്റാണ് ഞങ്ങൾ പ്ലാൻ ചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ടും മറ്റ് കാര്യങ്ങളും തയ്യാറാക്കി മുൻ കേന്ദ്രഗവൺമെന്റിന്റെ കാലത്ത് എല്ലാവിധ സമ്മർദ്ദങ്ങളും ചെലുത്തി. പക്ഷേ എയർ ഇന്ത്യയുടെ ഇടപെടലുകൾകൊണ്ട് സമ്മതിച്ചില്ല. പുതിയ ഗവൺമെന്റ് വന്നപ്പോഴും പുനഃപരിശോധിക്കാമെന്ന് പറയുകയാണ്. പക്ഷേ പുനഃപരിശോധിക്കുകയോ തീരുമാനമെടുക്കുകയോ ചെയ്യുന്നില്ല. ലോ കോസ്റ്റ് എയർ ലൈനായതുകൊണ്ട് വലിയ പ്രതീക്ഷയോടുകൂടിയാണ് എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ വരവ് കാത്തിരുന്നത്. പക്ഷേ അവിടെയും മാർക്കറ്റ് കണ്ടീഷൻ വച്ചുകൊണ്ട് ചാർജ്ജ് കൂട്ടുകയാണ്. സീസൺ സമയത്ത് ഒരു ന്യായീകരണവുമില്ലാത്ത വർദ്ധനവാണ് വരുത്തുന്നത്. ഇതിന് ശക്തിയായ പ്രതിക്ഷേധം കേരളത്തിലെയും ഗൾഫിലുള്ള മലയാളികളായ ആളുകളുടെയും ഇടയിലുണ്ട്. ഇത് അറിയിക്കേണ്ട വിധത്തിൽ അറിയിച്ചിട്ടും പ്രയോജനമുണ്ടാകാതിരിക്കുകയാണ്. ഇതിന് പകരമായി സംസ്ഥാന ഗവൺമെന്റ് എന്ത് നഷ്ടം സഹിച്ചാണെങ്കിലും കപ്പൽ സർവ്വീസ് നടത്തുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. സമയമെടുക്കുന്നതുകൊണ്ട് ഗൾഫിലുള്ളവർക്ക് അത് ആകർഷകമല്ലായിരിക്കാം. എങ്കിൽപ്പോലും അമിതമായി നിരക്ക് വർദ്ധിപ്പിക്കുന്ന എയർ ലൈനുകളുടെമേൽ സമ്മർദ്ദം ചെലുത്താൻ, നഷ്ടം സഹിച്ചാണെങ്കിലും കപ്പൽ സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കും. എയർ കേരളയ്ക്ക് വേണ്ട ശ്രമം തുടരും. അതിനിടയിൽ ഈയൊരു നിർദ്ദേശവും പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇപ്പോൾ പെരുന്നാൾ പോലുള്ള വിശേഷദിവസങ്ങളും വരുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസി മലയാളികളെ കൊള്ളയടിക്കുന്നതിനു വേണ്ടി എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ മത്സരിക്കുകയാണ്. വളരെ ഗൗരവമേറിയ ഈ പ്രശ്നത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിലേയ്ക്ക് ഒരു സർവ്വ കക്ഷി സംഘത്തെ അയയ്ക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സർവ്വകക്ഷി സംഘം പോയി പ്രധാന മന്ത്രിയെയും മറ്റ മന്ത്രിമാരെയും നിരന്തരമായി കണ്ട് ഇതിനായി ശ്രമിച്ചുകൊണ്ടി രിക്കുകയാണ്. പക്ഷേ എയർ ഇന്ത്യയുടെ ഇടപെടലുകൊണ്ടായിരിക്കാം, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഒരേ സമീപനം തന്നെ സ്വീകരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇനി നമുക്ക് നമ്മുടേതായ മാർഗ്ഗങ്ങൾ, നോക്കേണ്ടിവരും. അതിന് എല്ലാ ശ്രമവുമുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

5. ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

11.02 AM]

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഈ വിഷയത്തെക്കുറിച്ച് അറിയാവുന്നതാണ്. കണ്ണൂർ ജില്ലയിലെ വടക്കൻ മേഖലകളിലും കാസർഗോഡ് ജില്ലയിലുമായി താമസിക്കുന്ന ദരിദ്ര-അവശ ജനവിഭാഗമാണ് മുഖാരി/മുവാരി സമുദായം. ഈ വിഭാഗത്തിന്റെ തൊഴിൽ കുട്ടമെടയലും കല്ലുകൊത്ത ലുമായിരുന്നു. ഇവരിൽ മഹാഭ്രരിപക്ഷം പേരും ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ഈ വിഭാഗത്തിൽനിന്ന് ഗവൺമെന്റ് ജീവനക്കാർ വിരലിലെണ്ണാവുന്നവർ പോലുമില്ല. നേരത്തെ ഇവരുടെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. എന്നാൽ സ്റ്റേറ്റ് ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ആ സ്കോളർഷിപ്പ് ഇപ്പോൾ നിഷേധിക്കുകയാണ്. കേന്ദ്ര ഒ.ബി.സി. ലിസ്റ്റിൽ മുഖാരി/മുവാരി എന്ന സമുദായം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിപ്പോൾ പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണന യിലാണെന്നാണ് മനസ്സിലാക്കുന്നത്. കമ്മീഷൻ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി കിർത്താഡ്സിനെ ഏല്പിച്ചിരിക്കുകയാണ്. കിർത്താഡ്സിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ 58 വർഷമായി ഉയർന്നുവരുന്ന പ്രധാനപ്പെട്ട ഒരാവശ്യമാണിത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട് കിർത്താഡ്സിനെ ഒഴിവാക്കിയശേഷം സമാനമായ മറ്റേതെങ്കിലും ഏജൻസിയെ ഉൾപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് കൊണ്ടുവന്ന് അവശജന വിഭാഗമായ മുഖാരി/മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജനസമ്പർക്ക പരിപാടിക്കും മറ്റും മുഖ്യമന്ത്രി വന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ ജനവിഭാഗത്തിന് താങ്ങ് നല്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് വിനയപൂരസ്സരം അഭ്യർത്ഥിക്കുന്നു.